# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3524 — 24/06/2013-ൽ മറുപടിക്ക്

### അട്ടപ്പാടിയിൽ വിവിധ ഊരുകളിലെ ഗോത്ര വിഭാഗങ്ങളിലെ ജനസംഖ്യ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. വി. വിജയദാസ്: | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | അട്ടപ്പാടിയിൽ വിവിധ ഊരുകളിലായി ഏതെല്ലാ ഗോത്ര വിഭാഗങ്ങളിലായി ജനസംഖ്യ എത്രയാണ്; ഗോത്ര വിഭാഗങ്ങൾ തിരിച്ചുള്ള പേരും കണക്കും നൽകുമോ; | എ | അട്ടപ്പാടിയിലെ 3 ഗ്രാമപഞ്ചായത്തുകളിലെ 192 ഊരുകളിലായി പട്ടികവർഗ്ഗ ജനസംഖ്യ -30460 ആണ്. ഗോത്ര വിഭാഗം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>ഇരുളർ - 25253<br>മുതുവർ - 2947<br>കുറുമ്പർ - 2251<br>കുറുമർ - 5<br>മലഅരയർ - 4<br>-----<br>30460 |
| ബി | അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന പദ്ധതിയും ബഡ്ജറ്റ് നിർദ്ദേശങ്ങളും നൽകുന്നത് ഏത് ഉദ്യോഗസ്ഥനാണ്; വിശദാംശം നൽകുമോ; | ബി | അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന പദ്ധതിയും ബഡ്ജറ്റ് നിർദ്ദേശങ്ങളും നൽകുന്നതിനുള്ള ചുമതല ഗ്രാമവികസന വകുപ്പിൽ നിന്നുള്ള അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണറുടെ പദവിയിലുള്ള അട്ടപ്പാടി ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർക്കാണ്. |
| സി | അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ അവിവാഹിതരായ അമ്മമാർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥിതിവിവര കണക്കുകൾ നൽകുമോ; | സി | ഉണ്ട്. ലഭ്യമായ വിവര പ്രകാരം അട്ടപ്പാടി മേഖലയിൽ 88 അവിവാഹിതരായ അമ്മമാരുണ്ട്. |
| ഡി | അട്ടപ്പാടിയിലെ ഐ.റ്റി.ഡി.പി (പട്ടികവർഗ്ഗ വികസന വകുപ്പ്) ബൈഫർക്കേഷനുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ 24.09.2010 ൽ ഇ1/7638/2001 പ്രകാരം സർക്കാരിലേക്ക് നൽകിയ ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; വിവിധ തലങ്ങളിൽ നടത്തിയ മീറ്റിംഗുകളുടെ വിശദാംശം വെളിപ്പെടുത്തുമോ? | ഡി | അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങളുടെ ഏകോപിത നടത്തിപ്പിനുള്ള ചുമതല പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ഭരണപരവും സാമ്പത്തികവുമായ അധികാര പരിധിയിൽ വരുന്ന ഉദ്യോഗസ്ഥ രായിരിക്കണമെന്നത് അഭികാമ്യമായിരിക്കും എന്നതുകൊണ്ട് ഇതു സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ